**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **07-02-2023 - ൽ മറുപടിയ്ക്ക്**

**എ.സി. റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എ.സി. റോഡിന്റെ നവീകരണം പൂർത്തീകരിക്കുമ്പോൾ നാടിനും ജനങ്ങൾക്കും ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ ജനത ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ആലപ്പുഴ, കോട്ടയം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 24.164 കി.മീ ദൂരമുള്ള എ.സി റോഡ് കളർകോട് നിന്ന് ആരംഭിച്ച് പെരുന്നയിൽ അവസാനിക്കുന്നു. എ.സി. റോഡിന്റെ നവീകരണം പൂർത്തീകരിക്കുന്നതോടെ ഉന്നത നിലവാരത്തിലുള്ള ഒരു റോഡ് നാടിനും ജനങ്ങൾക്കും ലഭിക്കുന്നു. ഏത് കാലാവസ്ഥയിലും ഗതാഗതം സാധ്യമാകുന്ന രീതിയിലാണ് എ.സി റോഡിന്റെ പുനർനിർമ്മാണം ഡിസൈൻ ചെയ്തിട്ടുള്ളത്. വെള്ളം അധികം കയറിയ സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ, റോഡിനു കുറുകെ നീരൊഴുക്ക് സുഗമമാക്കുന്നതിനു ക്രോസ് വേകൾ, നിലവിലുള്ള ചെറിയ കലുങ്കുകളുടെയും 13 ചെറു പാലങ്ങളുടേയും പുനർ നിർമ്മാണം റോഡിലുടനീളം രാത്രിയിലെ സുരക്ഷയ്ക്ക് തെരുവ് വിളക്കുകൾ, ബസ് യാത്രക്കാരുടെ സൗകര്യത്തിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ വെയിറ്റിംങ് ഷെഡ്, നടപ്പാതകൾ, ക്രാഷ് ബാരിയർ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയാണ് പദ്ധതിയിലെ പ്രധാന പ്രവൃത്തികൾ. |
| (ബി) | പ്രസ്തുത റോഡിന്റെ നവീകരണം എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | പ്രവൃത്തി പൂർത്തീകരിക്കാൻ 28.11.2023 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (സി) | കുട്ടനാടിന്റെ ടൂറിസം പ്രാധാന്യം മുന്നിൽ കണ്ട് പരിഷ്കരിക്കുന്ന എ.സി. റോഡിന്റെ പ്രാന്ത പ്രദേശങ്ങളിലെ പൊതുമരാമത്ത് റോഡുകളും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | എ.സി. റോഡിന്റെ പ്രാന്തപ്രദേശങ്ങളെ ബന്ധിപ്പിച്ച കടന്നുപോകുന്ന മുട്ടാർ സെൻട്രൽ റോഡ്, എ.സി റോഡ് മങ്കൊമ്പ്- കാവാലം- വികാസ് മാർഗ്ഗ് റോഡ്, എ.സി.റോഡ് മങ്കൊമ്പ്-ചമ്പക്കുളം ഗവൺമെന്റ് ആശുപത്രി റോഡ്, നെടുമുടി-കരുവാറ്റ റോഡ്, നെടുമുടി- കുപ്പപ്പുറം റോഡ് (ഭാഗികം) എന്നിവ നവീകരിച്ചിട്ടുണ്ട്. കൂടാതെ എടത്വ-പുളിക്കരി- മാമ്പഴക്കരി & കിടങ്ങറ – വാലടി റോഡ് ആധുനിക |

| | | | |
|---|---|---|---|
| | | | **രീതിയിൽ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ